# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. ९४४

30.01.2019-ൽ മറുപടിയ്ക്ക്.

**കരാർ ജോലിയിലെ ക്രമക്കേട്**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ | അഡ്വ.കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പമന്ത്രി) |
| (എ) കേരള സംസ്ഥാന വനം വികസന കോർപ്പറേഷന്റെ കീഴിലുള്ള 2008 യൂക്കാലിപ്റ്റസ് പെലിറ്റ പ്ലാന്റേഷൻ ബ്ലോക്ക് V, കറവൂർ സബ് യൂണിറ്റിലെ കടമുക്കിൽ 15.60 ഹെക്ടറിലെ യൂക്കാലി തടിയും തലപ്പും ശേഖരിച്ച് നീക്കം ചെയ്യുന്ന കരാർ ജോലിയുമായി ബന്ധപ്പെട്ട് 2,10,000 രൂപയുടെ പണാപഹരണം നടന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; കേസ് രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ കാരണം അറിയിക്കാമോ; | (എ) കേരള സംസ്ഥാന വനം വികസന കോർപ്പറേഷൻ പുനലൂർ ഡിവിഷന്റെ കീഴിലുള്ള 2008 യൂക്കാലിപ്റ്റസ് പെല്ലിറ്റ പ്ലാന്റേഷൻ ബ്ലോക്ക് 5 കറവൂർ യൂണിറ്റിലെ കടമുക്കിൽ 15.60 ഹെക്ടറിലെ യൂക്കാലി തടിയും തലപ്പും ശേഖരിച്ച് നീക്കം ചെയ്യുന്ന ജോലിയുമായി ബന്ധപ്പെട്ട് 2,10,000/- രൂപയുടെ പണാപഹരണം നടന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. മേൽ ക്രമക്കേടുകൾ കണ്ടെത്തിയ ഉടൻതന്നെ വകുപ്പുതല അന്വേഷണം നടത്തുകയും ഇൻവോയ്സ് പ്രകാരം അടവിൽ കുറവ് വന്ന തുക ഈടാക്കുകയും ചെയ്തിട്ടുണ്ട്. പ്രാഥമിക അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 20.12.2017-ലെ ഉത്തരവ് നമ്പർ IA-3791/2017 പ്രകാരം ആരോപണ വിധേയരായ ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്ന് സസ്പെൻഡ് ചെയ്യുകയും കുറ്റപത്രം നൽകുകയുമുണ്ടായി. കുറ്റപത്രത്തിനുള്ള മറുപടി ലഭിച്ചതിനെ തുടർന്ന് ടി അച്ചടക്ക നടപടികൾ നിലനിർത്തിക്കൊണ്ട് സസ്പെൻഷൻ പിൻവലിച്ച് സർവ്വീസിൽ പുനഃപ്രവേശിപ്പിക്കുകയും, ഔപചാരികാന്വേഷണത്തിന് ഉത്തരവാകുകയുമുണ്ടായി. |
| | |

| | |
|---|---|
| (ബി) ഇതിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ എന്തു നടപടി സ്വീകരിച്ചു; സർക്കാരിന് നഷ്ടപ്പെട്ട തുക ഇവരിൽ നിന്ന് ഈടാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം എന്തെന്ന് വ്യക്തമാക്കാമോ; | (ബി) ഔപചാരികാന്വേഷണ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കുന്നതാണ്. കോർപ്പറേഷന് വന്ന നഷ്ടം ഈടാക്കിയിട്ടുണ്ട്. |
| (സി) പ്രസ്തുത സംഭവത്തെ കുറിച്ച് 19.02.2018-ൽ പ്രധാന പത്രമാധ്യമങ്ങളിൽ വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് അന്വേഷണം നടത്തുമോയെന്ന് അറിയിക്കുമോ? | (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ക്രമക്കേടുകൾ സംബന്ധിച്ച് ഔപചാരികാന്വേഷണം നടന്നുകൊണ്ടിരിക്കുന്നു.അത് അന്തിമ ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ